


# സഭയിൽ പറന്നിറങ്ങിയ പരിശുദ്ധാത്മാവ്

(യോഹ. 16:5 – 15; 1 കൊറി. 12:1 – 11; പുറ. 19:1 – 9)

ബ്ര. ഫ്രാൻസിസ് കല്ലുംപുറത്ത് MSJ

Vol. 11, Issue: 58

**മി**ശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ,

സീറോ മലബാർ സഭയുടെ ആരാധനാവത്സരക്രമമനുസരിച്ച് സഭ ഇന്ന് പുതിയ ഒരു കാലത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് സംഭവിച്ച ചരിത്രയാഥാർത്ഥ്യമായ പെന്തക്കുസ്തായെ ഓർമ്മപ്പെടുത്തിക്കൊണ്ടും അനുസ്മരിപ്പിച്ചുകൊണ്ടുമാണ് തിരുസഭ ഇന്ന് ശ്ലീഹാക്കാലം ആരംഭിക്കുന്നത്. ഉത്ഥിതനായ ക്രിസ്തു പിതാവിന്റെ സന്നിധിയിലേയ്ക്ക് യാത്രയാകുന്നതും തന്റെ വേർപാടിൽ വിഷമിച്ചിരിക്കുന്ന ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രത്യാശ നൽകി ആശ്വസിപ്പിക്കുന്നതും തുടർന്ന് പെന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാർ ധൈര്യത്തോടും വിശ്വാസത്തോടും കൂടെ ക്രിസ്തുവിനെ പ്രഘോഷിച്ച് സഭയുടെ വളർച്ചയിൽ പങ്കുകാരാകുന്നതിനെയുമാണ് ശ്ലീഹാക്കാലത്തിൽ പ്രത്യേകമായി നാം ഓർത്തു പ്രാർത്ഥിക്കുന്നത്.

പെന്തക്കുസ്താ അനുഗ്രഹങ്ങളുടെ തിരുനാളാണ്. കാരണം, പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്ന് അവരെ ധൈര്യപ്പെടുത്തി അവരിലെ ആജ്ഞയെയും അവിശ്വാസത്തെയും ജ്ഞാനം കൊണ്ടും വിശ്വാസം കൊണ്ടും നിറച്ച് സഭയ്ക്ക് ജന്മം നൽകിയ സുന്ദരദിനമാണ് പെന്തക്കുസ്താ ദിനം. അഗ്നി ശുദ്ധീകരിക്കുന്നതാണ്. അത് ദൈവസാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്നതുമാണ്. തീനാവുകളുടെ രൂപത്തിൽ പറന്നിറങ്ങിയ പരിശുദ്ധാരൂപിയാണ് ഭയം മൂലം മരവിച്ചുപോയിരുന്ന അപ്പസ്തോലന്മാരെ ശക്തിപ്പെടുത്തുകയും ക്രിസ്തുവിനെ പ്രഘോഷിക്കാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്തത്. വിജ്ഞാനത്തിൽ വളരാനും ജീവിക്കുവാനും ആത്മാവ് നമ്മിൽ പറന്നിറങ്ങേണ്ട ആവശ്യകതയെപ്പറ്റിയാണ് പെന്തക്കുസ്താ തിരുനാളിൽ തിരുസഭ നമ്മോട് ആവശ്യപ്പെടുന്നത്.

വി. യോഹന്നാന്റെ സുവിശേഷം 16–ാം അദ്ധ്യായം 5 മുതൽ 15 വരെയുള്ള വാക്യങ്ങളാണ് തിരുസഭ ഇന്ന് വിചിന്തനവിഷയമാക്കുക. സകലത്തെയും ശക്തിപ്പെടുത്തുകയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന യേശുക്രിസ്തുവാണ് വചനത്തിന്റെ കേന്ദ്രം. ക്രിസ്തു വിരൽ ചൂണ്ടുന്നത് സഹായകനായ പരിശുദ്ധാത്മാവിലേയ്ക്കാണ്. ആത്മാവിൽ നിറഞ്ഞ് വിശുദ്ധിയോടെ ജീവിക്കാനാണ് നമ്മളോരോരുത്തരും പിതാവിനാൽ തെരഞ്ഞെടുക്കപ്പെട്ടത്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പുണ്യപ്പെട്ട ജീവിതം നയിച്ച അപ്പസ്തോലന്മാർ അതിന് ഉത്തമ ഉദാഹരണങ്ങളാണ്. സകലത്തിന്റെയും സഹായകനും ശക്തിപ്പെടുത്തുന്നവനുമായ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭയെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട വലിയ കടമ നമ്മിലാണ് മിശിഹാ ഭരമേൽപിച്ചിരിക്കുന്നത്. ലേഖനഭാഗത്ത് വായിച്ചുകേട്ടതുപോലെ പരിശുദ്ധാത്മാവിന്റെ വരദാ

നഫലങ്ങളിൽ നിറഞ്ഞ് നന്മയിലൂടെ സഭയെ നമുക്ക് പടുത്തുയർത്താം.

പരിശുദ്ധ കന്യകാമറിയവും ശ്ലീഹന്മാരും ഒറ്റയ്ക്ക് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴല്ല പരിശുദ്ധാത്മാവിനെ സ്വീകരിച്ചത്. മറിച്ച് സെഹിയോൻ മാളികയിൽ ഒരുമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ്. ചുരുക്കത്തിൽ ആത്മാവ് പറന്നിറങ്ങുന്നത് കൂട്ടായ്മയിലാണ്. ഐക്യവും സ്നേഹവും സമാധാനവും നിലനിൽക്കുന്ന കൂട്ടായ്മകളിലാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുക. നമ്മുടെ കുടുംബത്തിലും മറ്റു കൂട്ടായ്മകളിലും ഐക്യത്തോടെ വർത്തിക്കണമെന്നാണ് തിരുവചനഭാഗം നമ്മെ പഠിപ്പിക്കുന്നത്.

പഴയനിയമത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ച ഒരു ജനതയുടെ വിവരണം വചനം നമുക്ക് സമ്മാനിക്കുന്നുണ്ട്. ഉൽപത്തി പുസ്തകത്തിന്റെ 11-ാം അദ്ധ്യായത്തിലാണ് നാം അത് കാണുക. ഒരു സംസ്കാരവും ഒരു ഭാഷയും മാത്രമുണ്ടായിരുന്ന ഭൂമിയിൽ കിഴക്ക് നിന്നു വന്നവർ ഷീനാറിൽ താമസമുറപ്പിച്ച് ആകാശം മുട്ടുന്ന ഗോപുരമുണ്ടാക്കി. ബാബേൽ ഗോപുരം എന്നാണ് അവർ അതിനെ വിളിച്ചത്. സ്രഷ്ടാവായ ദൈവത്തെ മറന്ന് അവർ തങ്ങളുടെ പേരും പ്രശസ്തിയും മാത്രം നിലനിർത്താൻ ആഗ്രഹിച്ചപ്പോൾ ദൈവം അവരെ ചിതറിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് വിഭിന്നമായി തങ്ങൾ മാത്രമാണ് ഭൂമിയിലെന്നും തങ്ങളുടെ പേരും പ്രശസ്തിയും മാത്രം ലോകത്തിന്റെ അതിർത്തികൾ വരെ എത്തണമെന്നും ആഗ്രഹിച്ച ജനതയോട് ദൈവം അതേ നാണയത്തിൽ തന്നെ തിരിച്ചടിക്കുന്നു. കൂട്ടായ്മയിൽ നിന്ന് അകന്നു ജീവിക്കാൻ ആഗ്രഹിക്കുന്നവരെ ദൈവം ചിതറിക്കുന്നു.

എന്നാൽ പെന്തക്കുസ്തായിൽ നടന്നത് ഇതിനു വിപരീതമായ സംഭവമാണ്. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന്, വിവിധ സംസ്കാരങ്ങളിൽ നിന്ന്, വിവിധ വേഷങ്ങൾ ധരിക്കുന്നവരെയും ഭാഷകൾ സംസാരിക്കുന്നവരെയും ദൈവം ഒന്നിപ്പിക്കുന്നു. പരിശുദ്ധാത്മാവ് അഗ്നിനാളങ്ങളുടെ രൂപത്തിൽ ശ്ലീഹന്മാരിൽ പറന്നിറങ്ങിയപ്പോൾ ജനം കൂട്ടായ്മയുടെ സമൂഹമായ സഭയിലേയ്ക്ക് ഒരുമിച്ചുകൂടിയെന്ന് അപ്പ. 6:2-ൽ നാം വായിക്കുന്നു. പരിശുദ്ധാത്മാവ് ഐക്യപ്പെടുത്തുന്ന ശക്തിയാണ്. അത് കൂട്ടായ്മയുടെ വലിയ അടയാളമാണ്. ഈ പരിശുദ്ധാത്മാവിന്റെ ആവാസം കുറയുന്നതനുസരിച്ച് കൂട്ടായ്മയും ഐക്യവും അന്യം നിൽക്കും. ആദിമസഭയെക്കുറിച്ചുള്ള വളരെ മനോഹരമായ ഒരു വിവരണം അപ്പ. 4:32 സമ്മാനിക്കുന്നുണ്ട്. ''വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നു'' എന്നാണ് നാം അവിടെ വായിക്കുക. ഒരു ഹൃദയവും ആത്മാവും എന്ന മനോഭാവത്തിലേയ്ക്ക് ആദിമ സഭാസമൂഹത്തെ നയിച്ചത് സകലത്തെയും ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവാണ്. ബോദ്ധ്യങ്ങൾ സമ്മാനിക്കുകയും നേർവഴിയിലൂടെ നടക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന പരിശുദ്ധാത്മാവ് തന്നെയാണ് സാവൂളിനെ മാനസാന്തരപ്പെടുത്തി വി. പൗലോസാക്കിയതും പാപിയായിരുന്ന അഗസ്റ്റിനെ വി. അഗസ്റ്റിൻ ആക്കിത്തീർത്തതും.

പ്രാർത്ഥനാമുറിയിൽ ഉപ്പുകല്ലുകൾ വിതറി അതിന്മേൽ മുട്ടുകുത്തി നിന്ന് കൈകൾ വിരിച്ച് പ്രാർത്ഥിച്ചിരുന്ന ഒരു അപ്പച്ചനെക്കുറിച്ച് വായിച്ചത് ഓർക്കുന്നു. രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ മൂളക്കവും ഞരക്കവും കേട്ട് മകൾ വാതിൽ തുറന്നുവരുമ്പോൾ കാണുന്നത് അപ്പൻ പ്രാർത്ഥനാമുറിയിൽ ഉപ്പുകല്ലിന്മേൽ മുട്ടുകുത്തി നിന്ന് തുകൽച്ചാട്ട കൊണ്ട് സ്വയം വേദനിപ്പിക്കുന്നതാണ്. 'എന്തിനാണപ്പാ ഇങ്ങനെ സ്വയം വേദനിപ്പിക്കുന്നത്' എന്നുള്ള മകളുടെ സങ്കടം നിറഞ്ഞ ചോദ്യത്തിന് പതിഞ്ഞ ശബ്ദത്തിലാണ് അപ്പൻ മറുപടി പറയുക: 'തിന്മ നിറഞ്ഞ ഈ ലോകത്തിൽ എന്റെ മകൾ ഇടറിവീഴാതിരിക്കാൻ വേണ്ടിയിട്ടാണ് അപ്പൻ വേദനയോടെ പ്രാർത്ഥിക്കുന്നത്.' അങ്ങനെയുള്ള ഒരു അപ്പന്റെ ആത്മീയതയിൽ വളർന്നുവന്ന ഒരു മകളാണ് വി. അൽഫോൻസ. ആത്മാവിന്റെ പ്രേരണയ്ക്കനുസരിച്ച് സഹനങ്ങൾ ഏറ്റെടുക്കുകയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയവളുമാണ് അൽഫോൻസയെങ്കിൽ അവളെ സഹായിച്ചതും ശക്തിപ്പെടുത്തിയതും ഇതേ ആത്മാവ് തന്നെയാണ്. വി. യോഹന്നാന്റെ സുവിശേഷം 10:8 ''പരിശുദ്ധാത്മാവ് വന്ന് സത്യത്തെക്കുറിച്ചും നീതിയെക്കുറിച്ചും നിങ്ങളെ ബോദ്ധ്യപ്പെടുത്തും.'' ഈയൊരു ബോദ്ധ്യത്തിൽ ഉറച്ചുനിന്നു കൊണ്ട് നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ ക്രമപ്പെടുത്തണമെന്നാണ് പെന്തക്കുസ്താ ദിനത്തിൽ തിരുസഭാ മാതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നത്.

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ, ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കുമ്പോഴാണ് ദൈവിക പദ്ധതികൾ നമ്മിലും നിറവേറുക. നമ്മുടേതായ സ്വാർത്ഥതാൽപര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ ആത്മാവിന്റെ ചൈതന്യത്തിൽ സ്വർഗ്ഗീയപിതാവിന്റെ ഹിതം നിറവേറ്റുന്നവരായി നമ്മൾ വളരാനാണ് ഓരോ പെന്തക്കുസ്താ തിരുനാളും അർത്ഥം വയ്ക്കുന്നത്. അതിനായി ലേഖനഭാഗത്ത് വായിച്ചുകേട്ടതുപോലെ ആത്മാവിന്റെ വരദാനഫലങ്ങൾ നമ്മിലും നിറഞ്ഞുകവിയണം. അപ്പോഴാണ് നമ്മുടെ ജീവിതവും അനുഗ്രഹമായി മാറുക. പരിശുദ്ധമായ ഈ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന പരിപാവനമായ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം, സകലത്തെയും വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ, വിശുദ്ധിയിൽ വളരുവാൻ എന്നെ സഹായിക്കേണമേ. പാപബോധം നൽകുന്ന പരിശുദ്ധാത്മാവേ, പശ്ചാത്താപത്താൽ വളരാൻ എന്നെ അനുഗ്രഹിക്കണമേ. നീതിബോധം നൽകുന്ന പരിശുദ്ധാത്മാവേ, നന്മ ചെയ്ത് വളരാൻ എന്നെ പ്രാപ്തനാക്കണമേ. സർവ്വേശ്വരൻ നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.